# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2701 06.11.2019-ൽ മറുപടിക്ക്

## സിനിമ റെഗുലേറ്ററി അതോറിറ്റി

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | സാംസ്കാരികകാര്യ വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രത്യേക നിയമനിർമ്മാണത്തിനായി 1958-ലെ സിനിമാ റെഗുലേഷൻ ആക്ടും 1988-ലെ സിനിമാ റെഗുലേഷൻ റൂൾസും 10.07.2019-ലെ സ.ഉ.(കൈ) നം.135/2019/പൊ.ഭ.വ ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പിൽ നിന്നും സാംസ്കാരിക കാര്യ വകുപ്പിലേക്ക് മാറ്റി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>20.01.2018-ലെ സ.ഉ.(സാധ) നം.30/2018/സാം.കാ.വ, 25.05.2018-ലെ സ.ഉ.(സാധാ) നം.363/2018/സാം.കാ.വ എന്നീ ഉത്തരവുകൾ പ്രകാരം നിലവിലെ സിനിമാ റെഗുലേഷൻ ആക്ടും റൂളും പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിനുള്ള നിർദ്ദേശം സിനിമാ റെഗുലേഷൻ ആക്ടിന്റെ കരട് ശുപാർശയിൽ ഉൾപ്പെടുത്തി സമിതി സമർപ്പിച്ച റിപ്പോർട്ടിൻമേൽ നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള വിദഗ്ധ സമിതി അംഗങ്ങൾ ആരെല്ലാം; ഇതുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ, അഗ്നിശമന വകുപ്പ് ഡയറക്ടർ ജനറൽ / പ്രതിനിധി, നിയമ വകുപ്പ് പ്രതിനിധി, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രതിനിധി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / പ്രതിനിധി, ചീഫ് ടൗൺ പ്ലാനർ / പ്രതിനിധി, തീയേറ്റർ സൗണ്ട് ആന്റ് പ്രൊജക്ഷൻ മേഖല വിദഗ്ധൻ എന്നിവർ അംഗങ്ങളായും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായുമാണ് പ്രസ്തുത വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും | (സി) | ജസ്റ്റിസ് കെ.ഹേമ സമിതിയുടെ കാലാവധി 31.05.2019 ന് അവസാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതിയുടെ കാലാവധി കഴിഞ്ഞുവോ; | | |
| (ഡി) | എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചുവോ; സമിതി പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 46,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | കിഫ്ബി ഫണ്ടിൽ നിന്നും 100 കോടി രൂപ കണ്ടെത്തി അന്താരാഷ്ട്ര ചലച്ചിത്രമേള സംഘടിപ്പിക്കുന്നതിനായി സ്ഥിരം വേദി നിർമ്മിക്കുമെന്ന സർക്കാർ വാഗ്ദാനം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് അന്താരാഷ്ട്ര ചലച്ചിത്ര മേള സംഘടിപ്പിക്കുന്നതിനായി സ്ഥിരം വേദി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴക്കൂട്ടത്തെ കിൻഫ്രാ പാർക്കിൽ ഇതിന് അനുയോജ്യമായ 5.5 ഏക്കർ സ്ഥലം കണ്ടെത്തുകയും പ്രത്യേക സാമ്പത്തിക മേഖലയിൽപെടുന്ന ഈ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലം കേരള ചലച്ചിത്ര അക്കാദമിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**